# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2985** **07.11.2019 ൽ മറുപടിക്ക്**

**വാമനപുരം നിയോജക മണ്ഡലത്തിൽ പണി ആരംഭിച്ച റോഡുകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) വാമനപുരം നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം ഭരണാനുമതി നൽകി പണി ആരംഭിച്ച വെഞ്ഞാറമൂട് റിംഗ് റോഡ്, വാമനപുരം-ചിറ്റാർ റോഡ് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ; | (എ) വെഞ്ഞാറമൂട് റിംഗ് റോഡ്, വാമനപുരം ചിറ്റാർ റോഡ് എന്നീ പ്രവൃത്തികൾക്ക് കരാർ നൽകി, പ്രവൃത്തി പുരോഗമിക്കുകയാണ്. |
| (ബി) ഓരോന്നിന്റെയും എത്ര ശതമാനം വീതം പണി പൂർത്തിയായെന്ന് അറിയിക്കാമോ; | (ബി) വെഞ്ഞാറമൂട് റിംഗ് റോഡ് 45 ശതമാനവും വാമനപുരം ചിറ്റാർ റോഡ് 43 ശതമാനവും പണി പൂർത്തിയായി |
| (സി) ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിന്റെ കരാർ കാലാവധി എന്നുവരെയെന്ന് അറിയിക്കാമോ; | (സി) വെഞ്ഞാറമൂട് റിംഗ് റോഡ് പൂർത്തിയാക്കേണ്ട കാലാവധി 13/2/2020 വരെയും വാമനപുരം ചിറ്റാർ റോഡ് പൂർത്തിയാക്കേണ്ട കാലാവധി 31/01/2020 വരെയുമാണ്. |
| (ഡി) കരാറുകാരൻ പ്രവൃത്തിയിൽ അനാസ്ഥ കാണിക്കുന്നതു കാരണം രണ്ടു റോഡുകളിലൂടെയും യാത്ര ചെയ്യുന്നതിന് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ സ്ഥിതി പരിശോധിച്ച് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കരാറുകാരന്റെ അനാസ്ഥ കാരണം പ്രവൃത്തിയിൽ പുരോഗതി കുറവാണെന്ന് കാണിച്ച് കത്ത് നൽകിയിട്ടുണ്ട്.<br>വെഞ്ഞാറമൂട് - റിംഗ് റോഡ്<br>i. മാറ്റി സ്ഥാപിക്കേണ്ട ഇലക്ട്രിക്കൽ യൂട്ടിലിറ്റീസ് എത്രയും വേഗം മാറ്റി സ്ഥാപിച്ച് നൽകാൻ ഇലക്ട്രിസിറ്റി ബോർഡ് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുള്ള തുക കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്. |

2. അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ തന്നെ പ്രവൃത്തി പൂർത്തിയാക്കത്തക്ക രീതിയിലുള്ള പ്രോഗ്രാം കരാറുകാരനിൽ നിന്നും തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്.
3. പ്രവൃത്തി ആരംഭിച്ചതിന് ശേഷം കിഫ്ബി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയിൽ അധികമായി ഉൾപ്പെട്ട അളവുകൾ കൂടി ചേർത്ത് കൊണ്ട് പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. ഇതും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

<u>വാമനപുരം - ചിറ്റാർ റോഡ്</u>

1. മാറ്റി സ്ഥാപിക്കേണ്ട ഇലക്ട്രിക്കൽ യൂട്ടിലിറ്റിസ് എത്രയും വേഗം മാറ്റി സ്ഥാപിച്ച് നൽകാൻ ഇലക്ട്രിസിറ്റി ബോർഡ് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുള്ള തുക കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്.
2. കാരേറ്റ് മുതൽ ആറാംതാനം വരെ വലതുഭാഗത്തുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ മാറ്റുന്നതിനായി നിലവിൽ നൽകിയിരുന്ന തുകയ്ക്കുള്ള സേവിംഗ്സ് ഉപയോഗിച്ച് പ്രവൃത്തി നടപ്പിലാക്കാൻ അനുമതിയ്ക്കായി കിഫ്ബിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.
3. അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കത്തക്ക രീതിയിലുള്ള പ്രോഗ്രാം കരാറുകാരനിൽ നിന്നും തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്.
4. പ്രവൃത്തി ആരംഭിച്ചതിന് ശേഷം കിഫ്ബി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയിൽ അധികമായി ഉൾപ്പെട്ട അളവുകൾ കൂടി ചേർത്ത് കൊണ്ട് പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരേയും അംഗീകാരം ലഭിക്കാത്തത് പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കാൻ ഇനി എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

(ഇ) കരാറുകാരനുമായി വീണ്ടും ചർച്ച നടത്തി സമയബന്ധിതമായി തന്നെ പ്രവൃത്തി പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നതാണ്. യൂട്ടിലിറ്റിസ് മാറ്റി സ്ഥാപിക്കുന്നതിൽ വന്ന കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെ

ബാധിച്ചിട്ടുണ്ടെങ്കിലും കരാറുകാരന്റെ ഭാഗത്ത് നിന്നും വന്ന വീഴ്ചയുടെ ആധിക്യം വിലയിരുത്തി കരാർ പ്രകാരമുള്ള നിയമപരമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. കൂടാതെ റിവൈസ്ഡ് പ്രോഗ്രാം ഷെഡ്യൂളും തയ്യാറാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**